**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3183** **04-08-2021 - ൽ മറുപടിയ്ക്ക്**

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന 728 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 50.96 കോടി രൂപ (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ 825 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 57.75 കോടി രൂപയും (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം)അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 ൽ 1510 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 105.7 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. അതിൽ 26.42 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ട്. (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം). ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ആരോഗ്യവകുപ്പിന് കീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും ആയതിന് അനുവദിച്ച ഫണ്ടുകളുടെ വിവരവും വിശദമാക്കാമോ; | (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന ഉപകേന്ദ്രങ്ങളെയാണ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററായി ഉയർത്തുവാൻ തെരഞ്ഞെടുത്തത്. കോട്ടയം എരുവട്ടി (Kottayam Eruvetti) കോളവല്ലൂർ (Kolavallur), മൊകേരി (Mokeri), പത്തായകുന്ന് (Pathayakunnu), കടവത്തൂർ (Kadavathur), കരിയാട് (Kariyad), പുല്ലൂക്കര(Pullookkara). ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് | (സി) | വയോജന, ഭിന്നശേഷി, ബാലജന, സ്ത്രീസൗഹൃദമായ |

| | | | |
|---|---|---|---|
| | സെന്ററുകളായി മാറിയാൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | സേവനങ്ങൾ പ്രദാനം ചെയ്യും. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, രോഗി സൗഹൃദ ശുചി മുറികൾ, ക്ലിനിക് കം ഓഫീസ് റൂം, ഫീഡിംഗ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഐ.യു.സി.ഡി റൂം, സ്റ്റോർ, എയർപോർട്ട് ചെയർ, ആവശ്യത്തിന് ഇരിപ്പിടം, കുടിവെള്ളം, ടി.വി, പൂന്തോട്ടം, നടപ്പാത, മഴവെള്ള സംഭരണി, കുട്ടികൾക്കുള്ള കളിസ്ഥലം, പാർക്ക് എന്നിവ സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് ഒരുക്കുകയോ ഉറപ്പു വരുത്തുകയോ ചെയ്യും. കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഉറപ്പാക്കും. ആഴ്ചയിൽ ആറ് ദിവസം താഴെ പറയുന്ന വ്യത്യസ്ത ക്ലിനിക്കുകൾ നടത്തും. 1. പോഷകാഹാര ക്ലിനിക്ക് 2. ജെറിയാട്രിക് ക്ലിനിക്ക് 3. കുട്ടികളുടെ ക്ലിനിക്ക് 4. ജീവിത ശൈലീ രോഗ ക്ലിനിക്ക് 5. വെൽ വുമൺ ക്ലിനിക്ക് 6. കൗമാര ആരോഗ്യ ക്ലിനിക്ക് ഇതു കൂടാതെ ലഘുരോഗ ചികിത്സയും, ഫസ്റ്റ് എയിഡും, കുട്ടികളുടെയും ഗർഭിണികളുടെയും കുത്തിവെയ്പും, പകർച്ച പകർച്ചേതര വ്യാധികളുടെ പര്യവേഷണവും (surveillance) ഇവയുടെ നേതൃത്വത്തിൽ നടക്കും. |
| (ഡി) | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | സ.ഉ(കൈ) നം. 37/2019/ആ.കു.വ തീയതി 05/03/2019 എന്ന ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - കുടുംബാരോഗ്യ ഉപകേന്ദ്ര നിലവാരം ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്**

**സ.ഉ.(കൈ) നം.37/2019/ആ.കു.വ** തീയതി,തിരുവനന്തപുരം, 05/03/2019

---

പരാമർശം:- 1. സ.ഉ(പി)നം.254/2003/ആ.കു.വ തീയതി 09.12.2003

2. സ.ഉ(പി)നം.116/2018/ആ.കു.വ തീയതി 23.08.2018
3. സ.ഉ(അച്ച)നം.118/2018/ആ.കു.വ തീയതി 26.08.2018
4. സ.ഉ(പി)നം.119/2018/ആ.കു.വ തീയതി 29.08.2018
5. സ.ഉ.(അച്ച)നം.120/2018/ആ.കു.വ തീയതി 01.09.2018
6. സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.12.2018 ലെ അഡ്മിൻ നം.14-81/2017/എസ്.എച്ച്.എസ്.ആർ.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആർദ്രം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നതനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്ന സാഹചര്യത്തിൽ കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങളും പ്രവർത്തനങ്ങളും അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്നത് പ്രകാരം പുനർ നിർവചിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവ് സദാനന്ദന്**

**അഡീഷണല് ചീഫ് സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന )

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം.

സ്റ്റേറ്റ് മിഷൻ ഡയറക്ടർ ,നാഷണൽ ഹെൽത്ത് മിഷൻ ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഉപകേന്ദ്രം**

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മെച്ചപ്പെട്ട ആരോഗ്യ സൂചികകൾ കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും ജനസംഖ്യാഘടനയിലും രോഗാതുരതയിലും ഉണ്ടായിരിക്കുന്ന പ്രകടമായ വ്യത്യാസം മൂലം പുതിയതരം വെല്ലുവിളികളെയാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. ജീവിതശൈലീ രോഗങ്ങൾ, ഒരിക്കൽ നിയന്ത്രണവിധേയമായ പകർച്ചവ്യാധികളുടെ പുനഃപ്രവേശം, പുതിയതരം സാംക്രമിക രോഗങ്ങൾ, അതിഥി തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ, അപകടങ്ങൾ, മുറിവുകൾ, പ്രതികൂല പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ കാരണമുണ്ടാകാവുന്ന ഉയർന്ന രോഗാതുരതയെ നാം നേരിടേണ്ടിയിരിക്കുന്നു. ജനതയുടെ മാറിയ ആരോഗ്യ ആവശ്യങ്ങൾ ഫലപ്രദവും സമഗ്രവുമായി കൈകാര്യം ചെയ്യാൻ നിലവിലുള്ള ആരോഗ്യ സംവിധാനം പര്യാപ്തമല്ല. ഇതുകൊണ്ട് തന്നെ ജനതയുടെ ആരോഗ്യ ചെലവുകൾ വളരെയധികം വർദ്ധിച്ച സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന മാതൃകയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നതോടെ സമഗ്ര പ്രാഥമികാരോഗ്യ, പരിരക്ഷയുടെ പ്രതിരോധ, വർദ്ധക, ചികിത്സ, പുനരധിവാസ, സാന്ത്വന സേവനങ്ങൾ നൽകുന്നതിൽ കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു.

**കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളും സേവനങ്ങളും**

ആർദ്രം മിഷന്റെ ഭാഗമായി ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ-ആരോഗ്യ അനുബന്ധ സേവനങ്ങൾ നൽകുന്നതിന് ഉപകേന്ദ്രങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഉപകേന്ദ്ര ശാക്തീകരണത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**I. അടിസ്ഥാന സൗകര്യങ്ങൾ**

1.1 ഒരു ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കേണ്ടതാണ്. സ്വന്തമായി കെട്ടിടം ഇല്ലെങ്കിൽ, മാനദണ്ഡ പ്രകാരം പ്രവർത്തിക്കാൻ കഴിയുന്ന വാടക കെട്ടിടം എടുക്കാവുന്നതാണ്.

1.2 പൊതുജനങ്ങൾക്ക് എത്തിച്ചേരാനാകുന്ന സ്ഥലത്തായിരിക്കണം ഉപകേന്ദ്രങ്ങൾ സ്ഥിതി ചെയ്യേണ്ടത്. ഒരു ഉപകേന്ദ്രത്തിലെത്തിച്ചേരാൻ ഒരു വ്യക്തിക്കും 3 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്യേണ്ട സാഹചര്യം ഉണ്ടാവരുത്.

1.3 കെട്ടിടത്തിന് ചുറ്റുമതിലും ഗേറ്റും ഉണ്ടായിരിക്കേണ്ടതാണ്.

1.4 പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി (ദുർഘട/ആദിവാസി/തീരദേശ മേഖലകളിൽ)ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന് ഉപകേന്ദ്രത്തോടനുബന്ധിച്ച് ക്വാർട്ടേഴ്സ് സകര്യം നൽകേണ്ടതാണ്.

1.5 ഉപകേന്ദ്രത്തിന് ശ്രദ്ധിക്കപ്പെടുന്ന ഒരു ബോർഡ്, ഗേറ്റിനു മുകളിലും കെട്ടിടത്തിനു മുന്നിലും, പ്രാദേശിക ഭാഷയിൽ ഉണ്ടായിരിക്കേണ്ടതാണ്.

1.6 ഉപകേന്ദ്ര കെട്ടിടത്തിന്റെ കാത്തിരിപ്പ് സ്ഥലം (4 x 3 മീ. ), ഓഫീസ് മുറി (2.5 x 2.5 മീ. ) പരിശോധനാ സൗകര്യമുള്ള ക്ലിനിക് മുറി (3.3 x 3.3 മീ. ), ശുചി മുറി എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1.7 ഉപകേന്ദ്ര കെട്ടിടം, വയോജന, ഭിന്നശേഷി, സ്ത്രീ, ബാല സൗഹൃദമായിരിക്കേണ്ടതാണ്.

1 . 8 ശുദ്ധജല ലഭ്യതയും, വൈദ്യുതി കണക്ഷനും ഉറപ്പ് വരുത്തേണ്ടതാണ്. ഇവ ക്വാർട്ടേഴ്സിലേക്ക് പ്രത്യേകം തിട്ടപ്പെടുത്താൻ സാധിക്കുന്ന വിധത്തിലായിരിക്കണം.

1.9 ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമാക്കുന്ന ഉപകേന്ദ്രങ്ങളിൽ ഒരു സ്വീകരണ മുറി/സിറ്റ്ഔട്ട് (1.8x2.5 മീ. ) 2കിടപ്പ് മുറി (3.3 x 2.7 മീ ) , അടുക്കള (1.8 x 2.5 മീ) , ശുചിമുറി സൗകര്യം, ഓഫീസ്/ക്ലിനിക് എന്നിവയിൽ നിന്ന് വേർതിരിച്ച് പ്രത്യേക കവാടത്തോടുകൂടി ഭിത്തി കെട്ടി നിർമ്മിക്കേണ്ടതാണ്.

**II. ജനസൗഹൃദ സംവിധാനങ്ങൾ**

പരിസരം മാലിന്യമുക്തമായും, സുന്ദരമാക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിവെള്ളം ആവശ്യത്തിന് ഇരിപ്പിടം, ടി.വി. , ഗപ്പി ഹാച്ചറി, അക്വേറിയം, പൂന്തോട്ടം, വ്യായാമത്തിനായി നടപ്പാത, മഴവെള്ള സംഭരണി, മാലിന്യ പരിപാലന സംവിധാനം, കളിസ്ഥലം, IEC/BCC ഡിസ്പ്ലേ ബോർഡ് എന്നിവ ഉറപ്പ് വരുത്തേണ്ടതാണ് .

**III. ഉപകരണങ്ങൾ**

III. 1. വിവര സാങ്കേതിക സംവിധാനങ്ങൾ

കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ, ടാബലെറ്റ് കമ്പ്യൂട്ടറുകൾ

III. 2. മെഡിക്കൽ ഉപകരണങ്ങൾ

1. ഡിജിറ്റൽ ബി.പി.അപ്പാരറ്റസ്
2. ഗ്ലൂക്കോമീറ്ററും സ്ട്രിപ്പുകളും
3. ഹീമോഗ്ലോബിനോ മീറ്റർ
4. വെയിങ് മെഷീൻ
5. ബേബി വെയിങ് മെഷീൻ
6. സ്റ്റേഡിയോ മീറ്റർ
7. ഫീറ്റൽ ഡോപ്ലർ (Optional)
8. ടോർച്ച്
9. ആൽബുമിൻ ടെസ്റ്റ് കിറ്റ്
10. ഓട്ടോക്ലേവ്
11. ക്ലോറോസ്കോപ്പ്
12. സ്നെല്ലൻ ചാർട്ട്
13. മെഷറിംഗ് ടേപ്പ്
14. ഫസ്റ്റ് എയ്ഡ് കിറ്റ്
15. IUD കിറ്റ് (Optional)

16. പാപ് സ്മിയർ (Optional)

17. ബ്ലഡ് ഗ്രൂപ്പ് നിർണ്ണയ കിറ്റ്

III.3. ഗ്യാസ് + സ്റ്റൗ.

**IV. ഫർണീച്ചറുകൾ**

a . കാത്തിരിപ്പിന് മുറിയിലേക്കാവശ്യമായ 2 0 പേർക്കിരിക്കാനും, ക്ലാസ്സുകൾ നടത്താനുമുള്ള സൗകര്യം മേശ, കസേരകൾ, (ബോധവത് കരണം നടത്താനുള്ള സൗകര്യം)

b. ഓഫീസ് മുറി – 2 മേശകൾ, 2 കസേരകൾ (ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ. എന്നിവർക്ക്)

പൂട്ടോടുകൂടിയ അലമാര/റാക്ക്

c. ക്ലിനിക് മുറി – ആശുപത്രി കിടക്ക (സാധാരണ), 2 കസേര/സ്റ്റൂൾ/ഭിത്തിയിൽ പിടിപ്പിക്കുന്ന റാക്ക് (മരുന്നും ഉപകരണങ്ങളും സൂക്ഷിക്കാൻ), സ്വകാര്യത ഉറപ്പാക്കാൻ കർട്ടൻ, മേശ, കസേരകൾ, വാഷ്ബേസൻ, എക്സാമിനേഷൻ ടേബിൾ (Optional)

**V. താഴെപ്പറയുന്ന സേവനങ്ങളും പ്രവർത്തനങ്ങളും ഉപകേന്ദ്രങ്ങളിൽ നടക്കേണ്ടതാണ്.**

V.1. സേവനങ്ങളും പ്രവർത്തനങ്ങളും

V.1.1. ആഴ്ചയിൽ ആറ് ദിവസവും വ്യത്യസ്ത ക്ലിനിക്കുകൾ

V.1.2. പോഷകാഹാര ക്ലിനിക്

V.1.3. ജെറിയാട്രിക് ക്ലിനിക്

V.1.4. കുട്ടികൾക്കുള്ള ക്ലിനിക് (0 മുതൽ 5 വയസ്സ് വരെ)

V.1.5. ജീവിതശൈലി രോഗ ക്ലിനിക് (നിർദ്ദിഷ്ട ദിനത്തിൽ)

V.1.6. വെൽ വുമൺ ക്ലിനിക് (ആന്റിനേറ്റൽ + പോസ്റ്റ് നേറ്റൽ ക്ലിനിക്)

V.1.7 കൗമാര ആരോഗ്യ ക്ലിനിക്

V.2. പകർച്ച വ്യാധികളുടെ റിപ്പോർട്ടിംഗ്, രോഗ പര്യവേഷണം, നിയന്ത്രണ പ്രവർത്തനങ്ങൾ

V.3. പകർച്ചേതര വ്യാധി സ്ക്രീനിംഗ്, റെഫറൽ, രോഗ നിയന്ത്രണത്തിനായും പ്രതിരോധ ജീവിത ശൈലീ ക്രമീകരണത്തിനായുള്ള അറിവ് നൽകലും പ്രേരിപ്പിക്കലും.

V.4. ലഘുരോഗ ചികിത്സയും ഫസ്റ്റ് എയ്ഡ് പരിചരണവും

V.5. നിശ്ചിത ദിവസം കുട്ടികൾക്കായുള്ള പ്രതിരോധ കുത്തിവയ്പ്പ് ക്ലിനിക്

V.6. ഇ–ഹെൽത്ത് പ്രവർത്തനങ്ങൾ

V.7. പൊതുജനാരോഗ്യ നിയമങ്ങളുടെ നടത്തിപ്പ്

V.8. ഒ.ആർ.എസ്.ഡിപ്പോ

V.9. ആരോഗ്യ/ആരോഗ്യത്തെ നിർണ്ണയിക്കുന്ന ഇതര സാമൂഹിക ഘടകങ്ങളിലുള്ള പ്രവർത്തനം എന്നിവയ്ക്കായി ഉപകേന്ദ്രത്തിന്റെ പ്രവർത്തന പരിധിയിലെ വ്യത്യസ്ത വകുപ്പുകളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ഏകോപനം.

V.10. ആശ(ASHA) പ്രവർത്തകർ, ആരോഗ്യ സേന അംഗങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കൽ

V.11. ഉപകേന്ദ്ര മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗം ചേർന്ന് ആസൂത്രണം പ്രവർത്തനങ്ങളും വിലയിരുത്തലും

V.12. വാർഡ്തല ആരോഗ്യ പോഷണ ശുചിത്വ സമിതിയുടെ പ്രവർത്തനങ്ങൾ

V.13. വാർഡുതല ആരോഗ്യ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കൽ

V.14. പുനരധിവാസ പ്രവർത്തനങ്ങൾ

V.14.1 വ്യത്യസ്ത പെൻഷൻ പദ്ധതികൾ, ധനസഹായ പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള അറിവ് നൽകുകയും അപേക്ഷ ഫോറങ്ങൾ ലഭ്യമാകുകയും ചെയ്യുന്ന കേന്ദ്രം

V.14.2. ലഘു ശാരീരിക പുനരധിവാസ പരിശീലനം

V.14.3 യോഗ

V.15 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ

V.16. വ്യത്യസ്ത ദേശീയ, സംസ്ഥാന, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികളുടെ നടത്തിപ്പ്

V.17. ഉപകേന്ദ്രത്തിന്റെ പ്രവർത്തന പരിധിയിലെ വാർഡുകളിലുള്ള മുഴുവൻ പേരുടെയും ആരോഗ്യ സർവ്വീസ് പ്ലാനുകളും വാർഡ് തലത്തിലുള്ള വാർഡ് പ്ലാനുകളും തയ്യാറാക്കലും അതിന്റെ ഫീൽഡ് തലത്തിലുള്ളതും ഉപകേന്ദ്ര തലത്തിലുള്ളതുമായ ഘടകങ്ങളുടെ നിർവ്വഹണവും

V.18. സാന്ത്വന പരിചരണ പരിപാടിയുടെ ഹോംകെയർ പ്രവർത്തനങ്ങൾ

V.19. പി.എച്ച്.സി.യിൽ നടക്കുന്ന ശ്വാസ്, ആശ്വാസം ക്ലിനിക്കുകളിലേയ്ക്ക് രോഗികളെയും രോഗസംശയമുള്ളവരെയും റഫർ ചെയ്യൽ

V.20 ശ്വാസ്, ആശ്വാസം ക്ലിനിക്കുകളുടെ തുടർ സേവനങ്ങൾ

V.21. ഉപകേന്ദ്രതലത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, റെക്കോർഡുകൾ എന്നിവ യഥാസമയം പുതുക്കി വയ്ക്കൽ

V.22. അഡ്വാൻസ് ടൂർ റിപ്പോർട്ട് പ്രകാരമുള്ള ഫീൽഡ് സന്ദർശനവും സേവനങ്ങളും

V.23. ഉപകേന്ദ്ര തലത്തിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ യഥാസമയം മേലധികാരികൾക്ക് സമർപ്പിക്കൽ

## VI. <u>വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കൽ</u>

1. ആർ.സി.എച്ച്.രജിസ്റ്റർ
2. ഫാമിലി ഹെൽത്ത് രജിസ്റ്റർ
3. ഇ.സി. രജിസ്റ്റർ

4. എഫ്.ഡബ്ല്യൂ.രജിസ്റ്റർ

5. ഇമ്മ്യൂണൈസേഷൻ രജിസ്റ്റർ

6. സ്റ്റോക്ക് രജിസ്റ്റർ (ജെ.എച്ച്.ഐ.ക്കും ജെ.പി.എച്ച്നും പ്രത്യേകം)

7. പകർച്ചവ്യാധി രജിസ്റ്റർ

8. വെക്ടർ സ്റ്റഡി രജിസ്റ്റർ

9. പേഴ്സണൽ രജിസ്റ്റർ (ഡി ആന്റ് ഒ) പരിശോധനകൾ

10എൻ.സി.ഡി രജിസ്റ്റർ

11. എൻ.സി.ഡി ക്ലിനിക് രജിസ്റ്റർ

12. മൈഗ്രന്റ് രജിസ്റ്റർ

13. സബ്സെന്റർ മാനേജ്മെന്റ് കമ്മിറ്റി മിനിട്ട്സും ക്യാഷ് ബുക്കും

14. ഉപകേന്ദ്രത്തിലെ പരിധിയിൽ വരുന്ന വാർഡുകളിലെ വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ മീറ്റിംഗുകളും മിനിട്ട്സുകളും ക്യാഷ്ബുക്കുകളും

15. ഐ.ഡി.എസ്.പി.എസ്. രജിസ്റ്റർ

16. ഐ.ഡി.എസ്.പി.എസ്.ഫോമുകൾ

17. മലേറിയ – എം.2 രജിസ്റ്റർ

18. പോഷകാഹാര ക്ലിനിക് രജിസ്റ്റർ

19. ജെറിയാട്രിക് ക്ലിനിക് രജിസ്റ്റർ

20. കുട്ടികൾക്കുള്ള ക്ലിനിക് രജിസ്റ്റർ

21. വെൽ വുമൺ ക്ലിനിക് (ആന്റിനേറ്റൽ + പോസ്റ്റ് നേറ്റൽ ക്ലിനിക്) രജിസ്റ്റർ

22. കൗമാര ആരോഗ്യ ക്ലിനിക് രജിസ്റ്റർ

23. മാസാന്തര റിപ്പോർട്ട് ഫയൽ

24. ഡെത്ത് രജിസ്റ്റർ

25. സബ്സെന്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ മിനിട്ട്സുകളും ക്യാഷ് ബുക്കുകളും

26. ഗ്രോത്ത് ചാർട്ട്

*********************************